Draft #1 of File 22492/EA 2-2/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 15-Jun-2020 12:54 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 11.06.2020 രാവിലെ 10.50 മണിക്ക് കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2567/EA 2/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 15.06.2020

---

*പരാമർശം:*-1. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 11.06.2020 രാവിലെ 10.50 മണിക്ക് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് 11.06.2020 രാവിലെ 10.50 മണിക്ക് കൂടിയ യോഗം, ചുവടെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1) ജൂൺ 16 -ാ തീയതി മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ 23-ാം തീയതി മുതൽ നടത്തുന്നതാണ്.

2) ജൂൺ 23-ാം തീയതി ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ മാറ്റിവയ്ക്കാൻ തീരുമാനിച്ചു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

3) ഇടുക്കി ജില്ലയിൽ എം.ഇ.എസ്. കോളേജ്, നെടുങ്കണ്ടം, അൽ-അഷർ കോളേജ്, തൊടുപുഴ എന്നീ രണ്ട് പുതിയ പരീക്ഷാ സെന്ററുകൾ കൂടി അനുവദിക്കാൻ തീരുമാനിച്ചു.

4) പൊതുഗതാഗത സംവിധാനം പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങുന്നത് വരെ സർവകലാശാലാ പരിധിക്ക് പുറത്തുള്ള സെന്ററുകളിൽ വച്ച് വിവിധ പരീക്ഷകൾ നടത്തുന്നതിന് അനുവാദം തേടി സർക്കാരിലേക്കും സെന്ററുകളിലേക്കും കത്തയയ്ക്കാൻ തീരുമാനിച്ചു.

5) കവരത്തി സെന്റെർ ഒഴികെയുള്ള സർവകലാശാല പരിധിക്കു പുറത്തുള്ള സെന്ററുകളിൽ പരീക്ഷ നടത്തിപ്പിനായി രണ്ടു വീതം സർവകലാശാല ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചു. നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് പരീക്ഷ സംബന്ധമായി ആവശ്യമുള്ള സാമഗ്രികൾ സെന്ററുകളിൽ എത്തിച്ചു കൊടുക്കുന്നതിനും ആയവ ഉപയോഗിച്ച് അവർ ഉത്തരക്കടലാസുകൾ പായ്ക്ക് ചെയ്ത് സർവ്വകലാശാലയിലേക്കു മടക്കി അയക്കുവാൻ സജ്ജമാക്കേണ്ടതുമാണ്.

6. പാരാമെഡിക്കൽ കോഴ്സുകളുടെയും മേഴ്സി ചാൻസ് പരീക്ഷ കളുടെയും പരീഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു

7. 2019 ൽ നടന്ന അഞ്ചാം സെമസ്റ്റർ സി വി ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർക്കു നൽകേണ്ട കുടിശ്ശിക വേതനം അടിയന്തിരമായി നൽകുവാൻ തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

8. ബി വോക്ക്  2018 -19 , 2019 -20 വർഷങ്ങളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ സ്റ്റുഡൻറ് ഡേറ്റ ക്യാപ് മോണിറ്ററിങ് സെല്ലിൽ നിന്നും പരീക്ഷ പോർട്ടലിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും കോഴ്സ് മാപ്പിംഗ് പൂർത്തീകരിച്ച വിഷയങ്ങളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

9. എം.ബി.എ. നാലാം സെമസ്റ്റർ പരീക്ഷകൾക്ക് സാധ്യമായ ജില്ലകളിൽ സെന്ററുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. ഡോ. ആർ. പ്രഗാഷ്, കൺവീനർ, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4. ജെ. ആർ I /എ .ആർ XI / XXI (പരീക്ഷ)
5. സി.ഇ സെക്ഷൻ/എ സി സി I /CETEX
6. എല്ലാ ടാബുലേഷൻ സെക്ഷനുകളും
7. എല്ലാ എ. ആർ/ഡി .ആർ/ജെ. ആർ (പരീക്ഷ)
8. ഐ ക്യൂ എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File No: 22492/EA 2-2/2020/EA 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 22492/EA 2-2/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 15-Jun-2020 12:54 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം